റക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് സസ്പെൻഷൻ ഉത്തരവ് താൽക്കാലികമായി നിർത്തിവെയ്ക്കുകയും ചെയ്തു. ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

48 (2357) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് മാനേജ്മെന്റിന്റെ പ്രവർത്തനം

<u>ശ്രീമതി എൻ.കെ. രാധ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സെന്ററിന്റെ സാങ്കേതിക സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻവേണ്ട നടപടിയെടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) സി.ഡബ്ല്യു.ആർ.ഡി.എം-ന്റെ പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്:

ജലസംബന്ധമായ വിവരങ്ങൾ ശേഖരിക്കുകയും, ഗണിതശാസ്ത്ര മാതൃകകൾ ജലവിഭവപഠനങ്ങളിൽ ഉപയോഗിക്കുകയും, നദീമുഖത്തെക്കുറിച്ചും, വനത്തിലെ ജലസംബന്ധമായ കാര്യങ്ങളെക്കുറിച്ചും ഭൂഗർഭ ജലത്തെക്കുറിച്ചും പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ജലത്തിന്റെ ഗുണനിലവാരത്തേയും പരിസ്ഥിതിയേയും ജലസേവനത്തെയും കുറിച്ചുള്ള പഠനങ്ങൾ നടത്തുകയും കൃഷിയെ സംബന്ധിച്ചുള്ള ജലവിനിയോഗ ഗവേഷണവും പരിശീലന പഠന പരിപാടികളും ബോധവൽക്കരണവും സംഘടിപ്പിക്കുകയും, ജലസംബന്ധമായ ദേശീയപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ട ഉപദേശങ്ങൾ നൽകുകയും, ദേശീയ-അന്തർദേശീയ സ്ഥാപനങ്ങളുമായി ജലസംബന്ധമായ കാര്യങ്ങളിൽ യോജിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു.

പ്രസ്തുത വിഷയങ്ങളിൽ സെമിനാറുകളും ശിൽപശാലകളും നടത്തുകയും ഉന്നതപഠനത്തിനുള്ള സൗകര്യം നൽകുകയും ചെയ്യുക, ഈ സ്ഥാപനത്തിന്റെ സാങ്കേതികസേവനം സർക്കാരിനും, സർക്കാരിതര സ്ഥാപനങ്ങൾക്കും മറ്റും ലഭ്യമാക്കുക, പ്രസ്തുത മേഖലകളിൽ വിജ്ഞാനവ്യാപനം ത്വരിതപ്പെടുത്തുക, ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽ ഒരു മാതൃകാസ്ഥാപനമായി പ്രവർത്തിക്കുക തുടങ്ങിയവയാണ്, സി.ഡബ്ല്യു.ആർ.ഡി.എം-ന്റെ പ്രവർത്തനങ്ങൾ.

(ബി) ഉണ്ട്.

49 (2358) പറമ്പിക്കുളം, ആളിയാർ, മുല്ലപ്പെരിയാർ എന്നീ പദ്ധതികളെ സംബന്ധിച്ച ചർച്ചകൾ

<u>ശ്രീ. ടി.എം. ജേക്കബ്</u> :

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം, ആലിയാർ, മുല്ലപ്പെരിയാർ എന്നീ പദ്ധതികളെ സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ കരാർ ഒപ്പിട്ടതിനുശേഷം കരാർ സംബന്ധമായി എത്ര ചർച്ചകൾ നടന്നിട്ടുണ്ട്;

(ബി) പ്രസ്തുത ചർച്ചകളിൽ എടുത്ത പ്രധാന തീരുമാനങ്ങൾ എന്തെല്ലാം;

(സി) പറമ്പിക്കുളം-ആലിയാർ പദ്ധതിയെ സംബന്ധിച്ച് ഇരുസംസ്ഥാനങ്ങളും തമ്മിൽ 21-9-1989, 21-12-89, 22-12-1989, 18-8-1990 എന്നീ തീയതികളിൽ നടന്ന ചർച്ചകളിൽ എടുത്ത പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാം;

(ഡി) 1990-ന് ശേഷം എത്ര ചർച്ചകൾ മന്ത്രിതലത്തിൽ നടന്നിട്ടുണ്ട്; ഏതെല്ലാം മന്ത്രിമാരാണ് പ്രസ്തുത ചർച്ചകളിൽ പങ്കെടുത്തത്;

(ഇ) പ്രസ്തുത ചർച്ചകളിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാം ആണ്;

(എഫ്) രണ്ട് കരാറുകളും പുതുക്കാൻ തമിഴ്നാട് വൈമനസ്യം കാണിക്കുന്ന സാഹചര്യത്തിൽ തുടർന്ന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ)-(സി) പറമ്പിക്കുളം-ആലിയാർ, മുല്ലപ്പെരിയാർ പദ്ധതികളെ സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ കരാറുകൾ ഒപ്പുവച്ചത് യഥാക്രമം 29-05-1970, 29-10-1986 എന്നീ വർഷങ്ങളിലാണ്. അതിനുശേഷം 21-9-1989, 21-12-1989, 22-12-1989, 18-08-1990, 05-11-1992 എന്നീ തീയതികളിൽ നടന്ന മന്ത്രിതല ചർച്ചയിൽ പറമ്പക്കുളം-ആലിയാർ കരാർ സംബന്ധിച്ചും 28-11-1996-ലെ മന്ത്രിതല ചർച്ചയിൽ ഇരുകരാറുകളെ സംബന്ധിച്ചും 13-08-1998-ൽ നടന്ന മന്ത്രിതല ചർച്ചയിൽ മുല്ലപ്പെരിയാർ സംബന്ധിച്ചും ചർച്ച നടത്തിയിട്ടുണ്ട്. 1958 മുതൽ മുൻകാലപ്രാബല്യമുള്ള 1970-ലെ പറമ്പിക്കുളം ആലിയാർ പദ്ധതി കരാർ 30 വർഷത്തിലൊരിക്കൽ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ കരാർ പുനഃരവലോകനം സംബന്ധിച്ച് കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ചാണ് മേൽപ്പറഞ്ഞ തീയതികളിലെ യോഗത്തിൽ എടുത്ത പ്രധാന തീരുമാനം. അതനുസരിച്ച് കേരളത്തിന്റെ ആവശ്യങ്ങളടങ്ങിയ ഒരു മെമ്മോറാണ്ടം 21-9-1989-ലെ ചർച്ചയിലും ഒരു സപ്ലിമെന്ററി മെമ്മോറാണ്ടം 05-11-1992-ലെ ചർച്ചയിലും തമിഴ്നാടിന് കൈമാറിയിട്ടുണ്ട്.

(ഡി) 1990-ന് ശേഷം 5-11-1992, 28-11-1996 തീയതികളിൽ മദിരാശിയിൽവച്ചും 13-8-1998-ൽ തിരുവനന്തപുരത്തുവച്ചും മൂന്ന് അന്തർസംസ്ഥാന മന്ത്രിതല ചർച്ചകൾ നടന്നിട്ടുണ്ട്. 5-11-1992, 28-11-1996 എന്നീ ചർച്ചകളിൽ കേരളത്തിൽനിന്ന് അന്നത്തെ ജലസേചനവകുപ്പ് മന്ത്രിമാരും തമിഴ്നാടിന്റെ ഭാഗത്തുനിന്ന് അന്നത്തെ പൊതുമരാമത്ത് വകുപ്പ് മന്ത്രിമാരുമാണ് പങ്കെടുത്തത്. 13-08-98-ൽ തിരുവനന്തപുരത്ത് വച്ച് നടന്ന മന്ത്രിതലചർച്ചയിൽ കേരളത്തിന്റെ ഭാഗത്തുനിന്ന് ജലസേചന തൊഴിൽ വകുപ്പുമന്ത്രിയെക്കൂടാതെ ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി, ധനകാര്യ-എക്സൈസ് വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി, വിദ്യുച്ഛക്തി സഹകരണ വകുപ്പുമന്ത്രി എന്നിവരും തമിഴ്നാടിന്റെ ഭാഗത്തുനിന്ന് അവിടത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയും പങ്കെടുത്തു.

(ഇ) 1992-ലെ ചർച്ചയിൽവച്ച് പറമ്പിക്കുളം-അലിയാർ പദ്ധതിയെ സംബന്ധിച്ച് ഒരു സപ്ലിമെന്ററി മെമ്മോറാണ്ടം തമിഴ്നാടിന് നൽകുകയുണ്ടായി. 1998-ൽ തിരുവനന്തപുരത്ത് വച്ച് നടന്ന മന്ത്രിതല ചർച്ചയിലെ തീരുമാനമനുസരിച്ച്, മുല്ലപ്പെരിയാർ ഡാമിന്റെ സാങ്കേതികവശങ്ങൾ പഠിച്ച് റിപ്പോർട്ട്, സമർപ്പിക്കുവാനായി, ഇരുസംസ്ഥാനങ്ങളും ഓരോ സാങ്കേതിക കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. അതനുസരിച്ച് സമർപ്പിച്ച സാങ്കേതിക കമ്മിറ്റി റിപ്പോർട്ടുകൾ 28.1.2000-ൽ തിരുവനന്തപുരത്ത് വച്ച് ഇരുസംസ്ഥാനങ്ങളും തമ്മിൽ കൈമാറുകയുണ്ടായി.

(എഫ്)കരാറുകൾ സംബന്ധിച്ച് സംസ്ഥാന താൽപര്യം സംരക്ഷിക്കാൻ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. 5.4.2000-ന് തിരുവനന്തപുരത്ത് വച്ച് കേരളാ-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ ഒരു ചർച്ച നടത്തുവാൻ ഇതിനകംതന്നെ തീരുമാനിച്ചിട്ടുണ്ട്. ആ ചർച്ചയിൽ ഇരുസംസ്ഥാനങ്ങളും തമ്മിലുള്ള ജലം പങ്കിടുന്നത് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

50 (2360) പെരിയാർ ഡാമിന്റെ സുരക്ഷ

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ അന്വേഷണ റിപ്പോർട്ട് തമിഴ്നാട് കേരള സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) കേരളത്തിൽനിന്നും പ്രയോജനമില്ലാതെ കടലിലേയ്ക്ക് പതിക്കുന്ന നദികളിൽനിന്നും തമിഴ്നാടിന് ജലം ലഭ്യമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്)എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഇത് സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി സംസ്ഥാന ഗവൺമെന്റ് ചർച്ച നടത്തിയിട്ടുണ്ടോ;

(എച്ച്) വിശദാംശം വെളിപ്പെടുത്തുമോ;

(ഐ) കേരളത്തിലെ വിവിധ നദികളിൽനിന്നും എത്ര ജലം കടലിൽ പതിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ജെ) ഈ ജലം ഉപയോഗപ്പെടുത്തുന്നതിനായി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(കെ) വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly